4. **അനൗദ്യോഗികാംഗങ്ങളുടെ കാര്യം:**

അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ നാലാമത് റിപ്പോർട്ട്

ശ്രീ. എ. എം. ആരിഫ് : സർ, അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയടെ നാലാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതിരിപ്പിക്കുന്നു.

ശ്രീ. എ. എൻ. ഷംസീർ : സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച നാലാമത് റിപ്പോർട്ട് സഭ അംഗീകരിച്ചിരിക്കുന്നു.

(2) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ

(i) 2016-ലെ കേരള ഹോസ്പിറ്റൽ ഡെവലപ്പ്മെന്റ് സൊസൈറ്റി ജീവനക്കാരുടെ വേതനവും ആനുകൂല്യങ്ങളും സേവന വ്യവസ്ഥയും നിശ്ചയിക്കൽ ബിൽ

ശ്രീ. ബി. സത്യൻ: സർ, 2016-ലെ കേരള ഹോസ്പിറ്റൽ ഡെവവലപ്മെന്റ് സൊസൈറ്റി, അശുപത്രി മാനേജ്മെന്റ് കമ്മിറ്റി എന്നിവിടങ്ങളിലെ ജീവനക്കാരുടെ വേതനവും ആനുകൂല്യങ്ങളും സേവന

വ്യവസ്ഥകളും നിശ്ചയിക്കുന്നത് സംബന്ധിച്ച ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. റ്റി. വി. രാജേഷ് : സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

2016-ലെ കേരള ഹോസ്പിറ്റൽ ഡെവലപ്പ്മെന്റ് സൊസൈറ്റി ജീവനക്കാരുടെ വേതനവും ആനുകൂല്യങ്ങളും സേവന വ്യവസ്ഥയും നിശ്ചയിക്കൽ ബിൽ

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, ഹോസ്പിറ്റൽ ഡെവലപ്പ്മെന്റ് സൊസൈറ്റി പല ജീവനക്കാരേയും നിയമിച്ചിട്ടുണ്ട്. സാധാരണഗതിയിൽ അവിടുത്തെ ജീവനക്കാരുടെ ജീവിതപ്രശ്നങ്ങളും അവർക്ക് കിട്ടുന്ന ആനുകൂല്യങ്ങളുമൊക്കെ പരിശോധിച്ചുനോക്കുമ്പോൾ അവരുടെ ജീവിതം വളരെ ബുദ്ധിമുട്ടാണെന്നത് സത്യമാണ്. പക്ഷേ ആ ജീവനക്കാരെ ഹോസ്പിറ്റൽ ഡെവലപ്പ്മെന്റ് കമ്മിറ്റി നിയമിച്ചത് വ്യവസ്ഥാപിതമായ രീതിയിലും അതുപോലെ സാമൂഹ്യ സംവരണവും മെറിറ്റും അനുസരിച്ചല്ല. അതുകൊണ്ട് ഈ ബില്ലുകൊണ്ട് അവർക്ക് സ്ഥിരം ജോലിസ്വഭാവം കൈവരുമെന്നതിനാൽ അത് നിയമാനുസൃതമല്ല. കരാർ വ്യവസ്ഥയിൽ ജോലി ചെയ്യുന്നവർക്കുള്ള ആനുകൂല്യങ്ങൾ കാലാകാലങ്ങളിൽ സർക്കാർ പ്രഖ്യാപിക്കുകയും ആശുപത്രി

വികസന സമിതിയുടെ സാമ്പത്തിക സ്ഥിതിക്കനുസൃതമായി ചെയ്യുന്നതിനാൽ ഈ ബില്ലിന് പ്രസക്തിയില്ല. ആയതിനാൽ ഇക്കാര്യത്തിനായി ഒരു പ്രത്യേക ബില്ലിന്റെ ആവശ്യമുണ്ടെന്ന് തോന്നുന്നില്ല.

ശ്രീ. ബി. സത്യൻ: സർ, ഇവയൊക്കെ വ്യവസ്ഥാപിതമായി നിലവിൽവന്ന സ്ഥാപനങ്ങളാണ്. ഡോക്ടർ കെ. എം. പൈ ചെയർമാനായ കമ്മിറ്റിയുടെ ശിപാർശയിന്മേൽ 29.01.1983-ൽ ജി.ഒ.(എം.എസ്) 26/83/എച്ച്.ഡി.എസ്. ഉത്തരവ് പ്രകാരം രൂപപ്പെടുത്തിയിട്ടുള്ളതാണ്. മെഡിക്കൽ കോളേജുകളിൽ ആശുപത്രി വികസന സമിതികളെ ഹോസ്പിറ്റൽ ഡെവലപ്മെന്റ് സൊസൈറ്റിയെന്ന നിലയിലും അതുപോലെ താലൂക്കാശുപത്രി മുതൽ താഴേയ്ക്ക് വരുന്ന ആശുപത്രികളിൽ, ആശുപത്രി മാനേജ്മെന്റ് കമ്മിറ്റികളും വ്യവസ്ഥാപിതമായി രൂപീകരിച്ചിട്ടുള്ളതാണ്. സർക്കാർ ആശുപത്രികളിലെ ഇന്നത്തെ അവസ്ഥ നമുക്കറിയാം, സർക്കാർ ആശുപത്രികളിൽ സർക്കാർ എക്സ്ചെക്കറിൽനിന്ന് ലഭിക്കുന്ന പദ്ധതിയും പദ്ധതിയേതരമായി ലഭിക്കുന്ന ഫണ്ടുകൾ മാത്രം പ്രയോജനപ്പെടുത്തി മെഡിക്കൽ കോളേജ് മുതൽ പി.എച്ച്.സി. വരെയുള്ള ആരോഗ്യ കേന്ദ്രങ്ങളിലെ പ്രവർത്തനങ്ങളിൽ നമുക്ക് എല്ലാ മേഖലകളിലും ഫലപ്രദമായി ഇടപെടാൻ

കഴിയുന്നില്ലായെന്നത് ഒരു വസ്തുതയാണ്. ഇത് കണ്ടിട്ടാണ് വിശ്വ പ്രശസ്തനായ ഡോ. കെ. എൻ. പൈ അദ്ധ്യക്ഷനായുള്ള ഹൈപവർ കമ്മിറ്റിയുടെ റിപ്പോർട്ട് പ്രകാരം ഈ സമിതികൾ നിലവിൽവന്നത്. എന്നുമാത്രമല്ല ജില്ലാ കളക്ടർ ചെയർമാനായും ആശുപത്രിയുടെ സൂപ്രണ്ട് സെക്രട്ടറിയായും എം.പി.-മാർ, എം.എൽ.എ.-മാർ, രാഷ്ട്രീയപാർട്ടികളുടെ പ്രതിനിധികൾ, സാമൂഹ്യ-സന്നദ്ധസംഘടനകളുടെ പ്രതിനിധികൾ ഇവരെല്ലാപേരെയും ഉൾപ്പെടുത്തിക്കൊണ്ടാണ് ഹോസ്പിറ്റൽ ഡെവലപ്മെന്റ് സൊസൈറ്റി മെഡിക്കൽ കോളേജുകളിൽ പ്രവർത്തിക്കുന്നത്. താലൂക്കാശുപത്രികളിൽ മുനിസിപ്പൽ ചെയർമാൻ ചെയർമാനായും ആശുപത്രിയുടെ സൂപ്രണ്ട് സെക്രട്ടറിയായും ജനപ്രതിനിധികളും സാമൂഹ്യ-സാംസ്കാരിക രംഗത്ത് പ്രവർത്തിക്കുന്നവർ അംഗങ്ങളുമായിട്ടുള്ള സമിതികളായാണ് പ്രവർത്തിച്ചുവരുന്നത്. അങ്ങനെ മെഡിക്കൽ കോളേജുമുതൽ പി.എച്ച്.സി. വരെയുള്ള സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് കൊണ്ടുപോകുന്നത് ഈ സമിതികളാണ്. അത് ആർക്കും നിഷേധിക്കാൻ കഴിയുന്നതല്ല. ഈ സമിതികളുടെ ആശ്രയത്തിലും നിയന്ത്രണത്തിലുമാണ് ആശുപത്രിയുടെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുകയും ദൈനംദിന

പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് കൊണ്ടുപോകുകയും ചെയ്യുന്നത്. നിർഭാഗ്യവശാൽ ഇപ്പോൾ ഈ സമിതികൾ കൂടുന്നില്ല. ഇപ്പോൾ തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ആശുപത്രി ഡെവലപ്മെന്റ് സൊസൈറ്റി, അതുപോലെയുള്ള മറ്റ് സ്ഥാപനങ്ങളിലും ഏഴെട്ട് മാസങ്ങളായി സമിതി കൂടുന്നില്ല. ഈ സമിതികൾ ഫലപ്രദമായി കൂടാത്തതുകൊണ്ട് അതെടുക്കുന്ന തീരുമാനങ്ങൾ ഫലപ്രദമായി നടപ്പിലാക്കാൻ കഴിയുന്നില്ല. ഈ സമിതിക്ക് പുറമെ നിലവിൽ ഒരു എക്സിക്യൂട്ടീവ് കമ്മിറ്റികൂടി ഉണ്ടാക്കിയിട്ടുണ്ട്. ഇതെല്ലാം ഭരണനിർവ്വഹണ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുന്നതിനാണ് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ജില്ലാകളക്ടർമാർ ചെയർമാനും ആശുപത്രി സൂപ്രണ്ടുമാർ സെക്രട്ടറിയുമായി പ്രവർത്തിക്കുന്ന ഈ സമിതികളിലെ അംഗങ്ങൾ നമ്മുടെ പ്രിയപ്പെട്ട ജനപ്രതിനിധികളാണ്. അങ്ങനെ അധികാരമുള്ള ഒരു സ്ഥാപനമാണ്. അവിടെയുള്ള ജീവനക്കാരുടെ വളരെ ദയനീയമായ അവസ്ഥയാണ് ഞാനിവിടെ ഈ ബില്ലിലൂടെ കൊണ്ടുവരാൻ ആസ്പദമായ കാര്യമെന്ന് സൂചിപ്പിച്ചത്. ഒരു പരിഷ്കൃത സമൂഹത്തിലും നിലവിലില്ലാത്ത തരത്തിലാണ് ഇവരുടെ സേവന വേതന വ്യവസ്ഥകൾ നടപ്പിലാക്കിവരുന്നത്. സ്വാതന്ത്ര്യത്തിന് മുമ്പ് തൊഴിൽ നിയമങ്ങൾ

ഉണ്ടായിട്ടുള്ള രാജ്യമാണ് ഇന്ത്യാരാജ്യം. അതിന് ശേഷം 1948-ൽ ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ട് വന്നു. അതുപോലെ വർക്ക്മെൻ കോമ്പൻസേഷൻ ആക്ടുപ്രകാരമുള്ള ആനുകൂല്യങ്ങൾ..... ഇവിടെ പല സന്ദർഭങ്ങളിലായി നിയമനിർമ്മാണം നടത്തിയിട്ടുണ്ട്. ആക്ട് വന്നിട്ടുണ്ട്, അതിനെ ബേസ് ചെയ്തുകൊണ്ടുള്ള റൂൾ വന്നിട്ടുണ്ട്. അതിലെല്ലാം പറയുന്ന പരമപ്രധാനമായിട്ടുള്ളത് തൊഴിലാളികളുടെ ക്ഷേമത്തെ സംബന്ധിച്ചാണ്. അവർ സ്ഥിര ജീവനക്കാരാകട്ടെ, താൽക്കാലിക ജീവനക്കാരാകട്ടെ, കരാർ ജീവനക്കാരാകട്ടെ, ഏത് തരം ജീവനക്കാരനായാലും മിനിമം തൊഴിൽ നിയമപ്രകാരം അവർക്ക് നൽകേണ്ട ആനുകൂല്യങ്ങൾ നിഷേധിക്കുന്നു എന്നുള്ളതുകൊണ്ടാണ് ഇവിടെ ഇങ്ങനെയൊരു നിയമം കൊണ്ടുവരേണ്ട നിലയിലേയ്ക്ക് വന്നത്. 1989 മുതൽ ഇത്രയും വർഷങ്ങൾ പിന്നിട്ടു. ഏതാണ്ട് അയ്യായിരത്തോളംവരുന്ന ജീവനക്കാരാണ് എല്ലാ മെഡിക്കൽ കോളേജുകളിലും മറ്റ് ആശുപത്രികളിലുമായി പലതരത്തിലുള്ള ജോലികൾ ചെയ്തുവരുന്നത് എന്നാണ് മനസ്സിലാക്കുന്നത്. പല രൂപത്തിലെന്ന് പറഞ്ഞാൽ ക്ലീനിംഗ് മുതൽ.... ഒരു ആശുപത്രിയുടെ ഏറ്റവും പ്രധാനപ്പെട്ട കാര്യം ശുചിത്വമാണ്. ശുചിത്വം പാലിക്കുന്നതുമുതൽ സാങ്കേതികമായിട്ടുള്ള ജോലികൾവരെ

ചെയ്തുവരുന്ന ഒരു കൂട്ടരെന്ന് പറയുന്നത് ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുപോലെ ഒരു വ്യവസ്ഥാപിതമായ മാർഗ്ഗത്തിലൂടെയല്ലാതെ വന്നിട്ടുള്ളവരാണ്. അങ്ങനെ വരുന്ന ആളുകളെ ഇങ്ങനെതന്നെ നിലനിർത്തി പോകണമോ? വർഷങ്ങൾ ഇത്രയും പിന്നിട്ടിട്ടും ഇവിടെ സൂചിപ്പിച്ചതുപോലെ 1983 മുതൽ ഈ ജീവനക്കാർ ജോലി ചെയ്ത് വരികയാണ്. ഇതിൽ പലരും അൻപത്തിയഞ്ചും അൻപത്തിയാറും വയസ്സ് കഴിയുമ്പോൾ ഒരാനുകൂല്യവും കിട്ടാതെയാണ് പിരിഞ്ഞ് പോകുന്നത്. അതിനും ഒരു നിയമമില്ല.

ശ്രീ. എ. പ്രദീപ് കുമാർ: സർ, ഈ ബില്ലുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ഗവൺമെന്റിന്റെ നിലപാട് ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിക്കുകയുണ്ടായി. ഇവർ മെറിറ്റോ മറ്റ് സംവരണ മാനദണ്ഡങ്ങളോ ഇല്ലാതെ നിയമിക്കപ്പെട്ടതിനാൽ ഈ ബിൽ വന്നുകഴിഞ്ഞാൽ അവർക്ക് സ്ഥിരനിയമനം ലഭിക്കും. അതുകൊണ്ട് അങ്ങനെയൊരു ബില്ലിന്റെ ആവശ്യമില്ലായെന്ന് പറഞ്ഞു. ഈ പറഞ്ഞ നിയമനങ്ങളെല്ലാം നടത്തുന്നത് സർക്കാർ ഉത്തരവനുസരിച്ച് രൂപീകരിക്കപ്പെട്ട ആശുപത്രി വികസന സൊസൈറ്റിയാണ്. പൊതുപണമാണ് ഇവർക്ക് ശമ്പളമായും മറ്റ് ആനുകൂല്യമായും നൽകുന്നത്. ഈ രംഗത്ത് ഒരു അരാജകത്വം, വ്യവസ്ഥയില്ലായ്മ തുടരാൻ മാത്രമേ ഇപ്പോഴുള്ള

സാഹചര്യം സഹായകരമാകും. ബഹുമാനപ്പെട്ട അംഗം കൊണ്ടുവന്ന ബിൽ അനുസരിച്ചുള്ള നിയമനിർമ്മാണം കൊണ്ടുവന്നാൽ ആ മേഖലയിൽ സർക്കാർ ഉത്തരവ് അനുസരിച്ച് രൂപീകരിച്ച സൊസൈറ്റി നിയമിച്ച ആയിരക്കണക്കിന് തൊഴിലാളികൾ തൊഴിലെടുക്കുന്ന ആ മേഖലയിൽ ഒരു വ്യവസ്ഥ ഉണ്ടാകും. മെറിറ്റും മറ്റ് സംവരണ തത്വങ്ങളും അനുസരിച്ച് റിക്രൂട്ട് ചെയ്ത ആളുകളും ഇവിടെ ജോലി ചെയ്യുന്നുണ്ടെങ്കിലും ആശുപത്രി മേഖലയിൽ മനുഷ്യപ്പറ്റോടെ കഠിന ജോലി ചെയ്യുന്ന ആൾക്കാരെ ഹോസ്പിറ്റൽ ഡെവലപ്മെന്റ് ജീവനക്കാരായി നിയമിക്കണം.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പ്ലീസ്........... പ്ലീസ്......ഇത് ബില്ലാണ്.

<u>ശ്രീ. എ. പ്രദീപ് കുമാർ</u>: സർ, ഞാൻ പറയട്ടെ..... ഇതൊരു പ്രധാനപ്പെട്ട വിഷയമാണ്. ഇന്ന് പത്തരമുതൽ ബിൽ ചർച്ച ചെയ്യേണ്ടതാണ്. ബിൽ അവതരിപ്പിക്കാൻ ഒരുപാട് അംഗങ്ങൾ കാത്തിരിക്കുന്നുണ്ട്. യഥാർത്ഥത്തിൽ എല്ലാ വെള്ളിയാഴ്ചകളിലും അംഗങ്ങളുടെ അവകാശങ്ങൾ നിഷേധിക്കപ്പെടുകയാണ് ചെയ്യുന്നത്. ഇന്ന് എട്ട് ബിൽ അവതരിപ്പിക്കാനുണ്ട്. അതുകൊണ്ട് ഗവൺമെന്റ് ഇക്കാര്യത്തിൽ പുന:പരിശോധന നടത്തേണ്ടതുണ്ട്. ശ്രീ. ബി. സത്യൻ കൊണ്ടുവന്ന ബില്ലിന് എന്തെങ്കിലും പോരായ്മകളുണ്ടെങ്കിൽ

ആ ന്യൂനതകൾ പരിഹരിച്ചുകൊണ്ട് സർക്കാർ ഔദ്യോഗികമായി നിയമം കൊണ്ടുവരാൻ തയ്യാറാകണം.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ്......പ്ലീസ്...

ശ്രീ. ബി. സത്യൻ: സർ, നമുക്കെല്ലാം പ്രീയങ്കരനായ ശ്രീ. പ്രദീപ് കുമാർ ഈ മേഖലയെ പ്രതിനിധീകരിക്കുന്ന സംഘടനയുടെ പ്രസിഡന്റാണ്. അദ്ദേഹത്തെയും കൂടി കണക്കിലെടുത്തുകൊണ്ടാണ് ഞാനിത് അവതരിപ്പിക്കുന്നത്. ഞാൻ ചർച്ച തുടരുകയാണ്. ഇത് വളരെ ഗൗരവകരമായ വിഷയമാണ്. അസംഘടിത വിഭാഗത്തിൽപ്പെടുന്നവരുടെ എണ്ണം കുറവായിരിക്കാം. ജീവിത സൂചികയിലും അതുപോലെ മറ്റ് കാര്യങ്ങളിലും വരുന്ന മാറ്റങ്ങൾക്കനുസരിച്ച് സംഘടിത വിഭാഗത്തിൽപ്പെടുന്നവരുടെ ന്യായമായ സേവന വേതന വ്യവസ്ഥകൾ അംഗീകരിച്ചുകൊടുക്കുന്നുണ്ട്. അസംഘടിത വിഭാഗത്തിന്റെ നിയമനത്തെ സംബന്ധിച്ച് നമുക്ക് യാതൊന്നും പ്രവചിക്കാൻ സാധിക്കില്ല. അതുകൊണ്ട് ഞാനിത് വീണ്ടും ആവർത്തിച്ച് പറയുകയാണ്. നിയമസഭയിലും സെക്രട്ടേറിയറ്റിലുമെല്ലാം പത്ത് വർഷം തുടർച്ചയായി ജോലി ചെയ്യുന്നവരുണ്ട്. ഇക്കാര്യം ഞാൻ അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. അങ്ങ് ദേവസ്വം ബോർഡ് മെമ്പറായും ഒരു പ്രധാന

സ്ഥാപനത്തിന്റെ അദ്ധ്യക്ഷനായും ദീർഘകാലം സേവനമനുഷ്ഠിച്ച വ്യക്തിയാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖനയായാലും മറ്റ് താൽക്കാലിക രീതിയിലായാലും പത്ത് വർഷം സേവനമനുഷ്ഠിച്ച ആളുകളെ മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിൽ സ്ഥിരപ്പെടുത്താറില്ലേ? ഇവരെയും സർക്കാർ ജീവനക്കാരായി പരിഗണിക്കുന്നുണ്ട്. ഈ വിഷയത്തിൽ ഇത്തരമൊരു മറുപടി പറഞ്ഞുകൊണ്ട് എങ്ങനെയാണിത് നിഷ്ക്കരുണം അവസാനിപ്പിക്കാൻ സാധിക്കുന്നത്. എന്റെ ചർച്ച തുടരാൻ ഇനി എപ്പോഴാണ് അവസരം ലഭിക്കുന്നതെന്ന് അറിയില്ല. എന്തായാലും ഇക്കാര്യം ബന്ധപ്പെട്ട വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇത് വളരെ ഗൗരവമായ വിഷയമാണ്. ഈ മേഖലയെ സംബന്ധിച്ചിടത്തോളം ഇത് പഠിക്കാനും മനസ്സിലാക്കാനും നടപ്പിലാക്കാനുമുള്ള നടപടി അങ്ങയുടെ ഭാഗത്തുനിന്ന് ഉണ്ടാകണം. ചർച്ച തുടരാമെന്ന് പറഞ്ഞ സാഹചര്യത്തിൽ താൽക്കാലികമായി ഞാൻ ഇതിൽനിന്ന് വിരമിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങ് ചർച്ച തുടരുന്നുണ്ടോ?

ശ്രീ. ബി. സത്യൻ: സർ, ഞാൻ ചർച്ച തുടരുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്രസ്തുത ബില്ലിന്മേലുള്ള ചർച്ച തുടരാവുന്നതാണ്.

(ചർച്ച തുടരും)

(ii) 2016-ലെ കേരള പഴം, പച്ചക്കറി വിഷവിമുക്തമാക്കലും ഗുണനിലവാര നിയന്ത്രണവും അതോറിറ്റി രൂപീകരണ ബിൽ

ശ്രീ. റ്റി. വി. രാജേഷ്: സർ, 2016-ലെ കേരള പഴം, പച്ചക്കറി വിഷവിമുക്തമാക്കലും ഗുണനിലവാര നിയന്ത്രണവും അതോറിറ്റി രൂപീകരണ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. പ്രദീപ് കുമാർ: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

2016-ലെ കേരള പഴം, പച്ചക്കറി വിഷവിമുക്തമാക്കലും ഗുണനിലവാര നിയന്ത്രണവും അതോറിറ്റി രൂപീകരണ ബിൽ

കൃഷി വകുപ്പുമന്ത്രിക്കുവേണ്ടി ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, സംസ്ഥാനത്ത് വിതരണം ചെയ്യുന്ന ഭക്ഷ്യ പദാർത്ഥങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് ഭക്ഷ്യ സുരക്ഷാ കമ്മീഷണറുടെ നേതൃത്വത്തിലുള്ള ശക്തമായ സംവിധാനം നിലവിലുണ്ട്. 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമത്തിലും അനുബന്ധ ചട്ടങ്ങളിലും അനുശാസിക്കുന്ന പ്രകാരമുള്ള എല്ലാ ഗുണനിലവാര നിയന്ത്രണ ഉപാധികളും ടി സംവിധാനം വഴി നടപ്പാക്കി വരുന്നുണ്ട്. ഭക്ഷ്യ സുരക്ഷാ കമ്മീഷണറുടെ

നിയന്ത്രണത്തിലുള്ള അനലറ്റിക്കൽ ലാബുകളിൽ പച്ചക്കറികളുടെ സാമ്പിൾ പരിശോധിക്കുന്നതിനുള്ള അത്യാധുനിക ഉപകരണം സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ വെള്ളായണി കാർഷിക കോളേജിൽ ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള ഉന്നത നിലവാരത്തിലുള്ള പരിശോധനാ സംവിധാനങ്ങളും നിലവിലുണ്ട്. ഇത്തരം പരിശോധനാ സംവിധാനങ്ങൾ വഴി സംസ്ഥാനത്ത് വിതരണം ചെയ്യപ്പെടുന്ന പഴം പച്ചക്കറികളിലെ വിഷാംശത്തിലെ തോത് നിർണ്ണയിക്കുന്നതിനും പൂർണ്ണമായും ഭക്ഷ്യയോഗ്യമാണെന്ന് ഉറപ്പുവരുത്തുന്നതിനുള്ള ഉന്നതനിലവാരത്തിലുള്ള സംവിധാനങ്ങൾ നിലവിലുണ്ട്. സംസ്ഥാനത്തെ വർദ്ധിച്ച തോതിലുള്ള ഉപഭോഗവും ഉൽപ്പാദനത്തിലെ കുറവും പരിഗണിച്ച് സുരക്ഷിതമായ പഴം, പച്ചക്കറി ലഭ്യമാക്കുന്നതിനായി ജൈവകൃഷി പരിപോഷിപ്പിക്കുന്ന പല പദ്ധതികളും കൃഷി വകുപ്പ്, ഹോർട്ടികൾച്ചർ, വി.എഫ്.പി.സി.കെ. എന്നിവ മുഖേന നടപ്പിലാക്കി വരുന്നു. മേൽ സാഹചര്യത്തിൽ ഭക്ഷ്യയോഗ്യവും സുരക്ഷിതവുമായ പഴം, പച്ചക്കറികൾ സംസ്ഥാനത്ത് ലഭ്യമാക്കുന്നതിനായി രണ്ട് തരത്തിലുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. ഭക്ഷ്യ സുരക്ഷാ കമ്മീഷണറുടെ നേതൃത്വത്തിൽ സംസ്ഥാനത്ത് വിതരണം

ചെയ്യപ്പെടുന്ന പഴം പച്ചക്കറി ഗുണനിലവാരം ശാസ്ത്രീയമായ പരിശോധനകൾക്ക് വിധേയമായി ഉറപ്പാക്കുന്നതോടൊപ്പം വിഷരഹിതമായ ഭക്ഷ്യ സാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി അത്തരം സുരക്ഷിത കൃഷി രീതികൾ അവലംബിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനുമുള്ള വിവിധ കർമ്മ പരിപാടികൾ കൃഷി വകുപ്പിന് കീഴിലുള്ള വിവിധ വകുപ്പുകളുടെ നേതൃത്വത്തിലും കൂട്ടായ്മയിലും നടപ്പാക്കി വരുന്നുണ്ട്. ആയതിനാൽ ഇതിനായി ഒരു പ്രത്യേക അതോറിറ്റിയുടെ ആവശ്യകതയില്ല.

<u>ശ്രീ. റ്റി. വി. രാജേഷ്</u>: സർ, വളരെ ഗൗരവകരമായ വിഷയമാണ് ഞാൻ അവതരിപ്പിക്കുന്നത്. കഴിക്കാതിരുന്നാൽ വിശന്ന് ചാകും, കഴിച്ചാൽ നരകിച്ച് ചാകും, ഇതാണ് ഇന്ന് മലയാളികളുടെ അവസ്ഥ. നമുക്ക് ഒരു ഭക്ഷ്യ പ്രതിസന്ധി ഉണ്ടാകുകയാണെങ്കിൽ അത് പ്രകൃതിയുടെ ഉൽപ്പാദന വീര്യത്തിന്റെ കുറവുകൊണ്ടാകില്ല, മനുഷ്യന്റെ ഒടുങ്ങാത്ത ത്വരതന്നെയാകും കാരണമെന്ന് പറഞ്ഞത് ഒറ്റ വൈക്കോൽ വിപ്ലവത്തിന്റെ ഉപജ്ഞാതാവായ ഫുക്കുവോക്കയാണ്. മുതലാളിത്ത യുഗത്തിൽ ലാഭമാണ് പരമ ആദർശം. ആ ലാഭക്കണ്ണാണ് പഴങ്ങളിലും പച്ചക്കറികളിലും വിഷം കലർത്തുന്നത്. ആരോഗ്യകാര്യങ്ങളിൽ മലയാളി എന്നും അതീവ ശ്രദ്ധാലുക്കളാണ്. അവർക്ക്

തങ്ങളുടെ ആരോഗ്യം സംരക്ഷിക്കാൻ/നിലനിർത്താൻ ലഭിക്കുന്ന മുഖ്യ ഇനങ്ങളായ പഴങ്ങളിലും പച്ചക്കറികളിലുമെല്ലാം മാരക വിഷാംശമാണ് അടങ്ങിയിട്ടുള്ളത്. ഇന്ന് മനസമാധാനത്തോടെ ഭക്ഷണം കഴിക്കാനാകാത്ത അവസ്ഥയാണുള്ളത്. വിഷമയമായ പച്ചക്കറികൾ അന്യ സംസ്ഥാനങ്ങളിൽനിന്നും നമ്മുടെ കൊച്ചുകേരളത്തിലേയ്ക്ക് ഒഴുകിയെത്തുകയാണ്. കൂടുതൽ വിളവിനായി കൂടുതൽ വിഷമടിക്കുന്നതാണ് ഇന്നത്തെ സ്ഥിതി. വിഷമടിച്ച പഴങ്ങളും പച്ചക്കറികളും കാണാൻ നല്ല ഭംഗിയായതിനാൽ അത് ആളുകളെ ആകർഷിക്കും. പക്ഷെ ഇതിലെല്ലാം മാരക വിഷാംശമാണ് അടങ്ങിയിരിക്കുന്നത്. പ്രധാനമായും പഴങ്ങളിലും പച്ചക്കറികളിലും രണ്ട് തരം കീടനാശിനികളാണ് കാണുന്നത്. ഒന്ന് ഓർഗോനോ ഫോസ്റ്റേറ്റ് സംയുക്തവും മറ്റൊന്ന് ഓർഗാനോ ക്ലോറിൻ സംയുക്തമാണ്. മാരക വിഷമായ ഓർഗാനോ ഫോസ്റ്റേറ്റ് സംയുക്തം മനുഷ്യന്റെ തലച്ചോറിനെയും രണ്ടാമത്തേത് മനുഷ്യ ശരീരത്തിലെ ഹോർമോണിനെയുമാണ് ബാധിക്കുന്നത്. ഇത് ഹോർമോൺ അസന്തുലിതാവസ്ഥക്കും സ്തനാർബുദം പോലുള്ള രോഗങ്ങൾക്കും കാരണമാകുന്നു. ചില കീടനാശിനികൾക്ക് ഈസ്ട്രജന്റെ സമാന

ശേഷിയുണ്ടെന്നും കണ്ടെത്തിയിട്ടുണ്ട്. നമ്മുടെ കടകളിൽ അലങ്കരിച്ചും അടുക്കിയും വച്ചിരിക്കുന്ന പഴങ്ങളും പച്ചക്കറികളും വിഷമയമാണ്. കറിവേപ്പിലയിലും ഏലയ്ക്കയിലും ജീരകപ്പൊടിയിലും ഉണക്ക മുന്തിരിയിലും പേരയ്ക്കയിലും ആപ്പിളിലുമെല്ലാം മാരകമായ വിഷങ്ങൾ അടങ്ങിയിട്ടുണ്ട്. അതെല്ലാം വിഷത്തിൽ മുക്കിയാണ് കൊണ്ടുവരുന്നത്. അതുകൊണ്ട് ഇക്കാര്യത്തിൽ ശക്തമായ നടപടി ഉണ്ടാകണമെന്ന് ആവശ്യപ്പെടുകയാണ്. മുലപ്പാലുപോലെ കരുതുന്ന കരിക്കിൻവെള്ളം പോലും കുടിക്കാനാകാത്ത അവസ്ഥയാണ്. തെങ്ങിൻ കുലകളിൽ നടത്തുന്ന കീടനാശിനി പ്രയോഗം കരിക്കിലും എത്തുകയാണ്. വാഴപ്പഴം കീടനാശിനി വിമുക്തമല്ല. ചെറുപഴത്തെക്കാൾ നേന്ത്രപ്പഴത്തിലാണ് കീടനാശി കൂടുതലുള്ളത്. നേന്ത്രക്കായുടെ വലുപ്പം കൂട്ടാനും രാസപദാർത്ഥങ്ങൾ വച്ചുകൊടുക്കാറുണ്ട്. മാരകമായ എൻഡോസൾഫാനും ഹിൽഡാനുമെല്ലാം പൈനാപ്പിൾ കൃഷിക്ക് ഉപയോഗിച്ചുകൊണ്ടിരിക്കുന്നു. ഇവിടെ കഴിഞ്ഞ ദിവസം വന്ന പത്രവാർത്ത ഞാൻ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ക്യാൻസർപോലുള്ള മാരക അസുഖങ്ങൾ ഇന്ന് കേരളത്തിൽ വ്യാപകമായിക്കൊണ്ടിരിക്കുകയാണ്. കേരളത്തിൽ വർഷാവർഷം അരലക്ഷം പുതിയ ക്യാൻസർ രോഗികളാണ് ഉണ്ടാകുന്നത്.

ആർ.സി.സി.-യിൽ ഒരു വർഷം വരുന്ന രോഗികളിൽ പതിനയ്യായിരത്തിൽ അധികവും തലശ്ശേരി മലബാർ ക്യാൻസർ സെന്ററിൽ വരുന്ന രോഗികളിൽ ആറായിരത്തിലധികവും ആമാശയ ക്യാൻസർ രോഗികളാണ്. ഇതിന് പ്രധാനപ്പെട്ട കാരണം നമ്മുടെ പച്ചക്കറികളിലും പഴങ്ങളിലും ഭക്ഷ്യധാന്യങ്ങളിലും അടങ്ങിയിട്ടുള്ള മാരക രാസവസ്തുക്കളാണ്.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, ആദിപാപം എന്ന് പറയുന്നത് ആദം ഒരു പഴം കഴിച്ചപ്പോൾ ദൈവം കൊങ്ങയ്ക്ക് പിടിച്ചു എന്നാണ്. അത് ഇപ്രകാരം വിഷാംശമുള്ള ഒരു പഴം കഴിക്കാൻ ശ്രമിച്ചപ്പോൾ ദൈവം മുൻകൂട്ടി കണ്ട് തടഞ്ഞതാണെന്ന് അങ്ങേയ്ക്ക് അറിയുമോ?

<u>ശ്രീ. റ്റി. വി. രാജേഷ്</u>: സർ, തീർച്ചയായും അങ്ങേയ്ക്ക് അങ്ങനെയൊരു നിരീക്ഷണം നടത്താനുള്ള സ്വാതന്ത്ര്യമുണ്ട്. ഞാൻ പറഞ്ഞു വരുന്നത് ക്യാൻസറിന്റെ ഭീതിതമായ വർദ്ധനവാണ്. ദൈവത്തിന്റെ സ്വന്തം നാടെന്ന് പറയുന്നത് യഥാർത്ഥത്തിൽ ക്യാൻസറിന്റെ സ്വന്തം നാടായി മാറിക്കൊണ്ടിരിക്കുകയാണ്. ഇക്കഴിഞ്ഞ മൂന്ന് ദശാബ്ദത്തിനിടയിൽ കേരളത്തിൽ ക്യാൻസർ രോഗികളിലുണ്ടായ വർദ്ധനവ് 280 ശതമാനമാണ്. ഇത് തിരുവനന്തപുരത്തെ റീജിയണൽ ക്യാൻസർ സെന്റർ നടത്തിയ

പഠനമാണ്. കേരളത്തിൽ ഇത്തരമൊരു അതോറിറ്റി രൂപീകരിക്കണമെന്ന ആവശ്യം ഞാൻ മുന്നോട്ട് വയ്ക്കാനുള്ള കാരണം ഭക്ഷ്യപദാർത്ഥങ്ങളിലെ മായം ചേർക്കൽ തടയുന്നതിന് വേണ്ടി ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാന്റേർഡ് അതോറിറ്റി ഓഫ് ഇന്ത്യ എന്ന പറയുന്ന ഒരു അതോറിറ്റി 2011-ൽ രൂപീകരിച്ചിട്ടുണ്ട്. കേന്ദ്രത്തിനുള്ളതുപോലെ ഒരു അതോറിറ്റി നമുക്കും ഇവിടെ ആവശ്യമാണ്. ഇന്നലെ ഏഷ്യാനെറ്റിൽ ഒരു വാർത്ത വന്നു. ഗ്രീൻപീസ് എന്ന ലോക പരിസ്ഥിതി സംഘടന നടത്തിയ പഠന റിപ്പോർട്ടിൽ 34 ഇനം പ്രമുഖ തേയില ബ്രാന്റുകളുടെ തോട്ടങ്ങളിൽ അളവിലും അധികം നിരോധിത കീടനാശിനികൾ തളിക്കുന്നതായി കണ്ടെത്തിയിരിക്കുകയാണ്. വിഷപ്രയോഗം തടയുന്നതിന് നടപടിയില്ല. ഗ്രീൻ ടീ എന്ന് പറഞ്ഞ് നമ്മൾ കുടിക്കുന്ന, ആരോഗ്യത്തിന് വളരെ ഗുണകരമാണെന്ന് നമ്മൾ കരുതുന്ന, ഗ്രീൻ ടീയിലാണ് ഏറ്റവും കൂടുതൽ വിഷ കീടനാശിനി അടങ്ങിയിട്ടുള്ളത്. ഹെക്സോക്ലോർ, ഹെക്സോറോക്സ്, മൈക്രോ ട്രാന്യൂൾ തുടങ്ങിയിട്ടുള്ള കീടനാശിനികൾ അളവിലും കൂടുതലാണ്. പാലക്കാട് വാൽപ്പാറ എസ്റ്റേറ്റിൽ ഇത് തളിക്കുന്നതുമായി ബന്ധപ്പെട്ട ഞെട്ടിക്കുന്ന വാർത്തയാണ് ഏഷ്യാനെറ്റ് കൊണ്ടുവന്നിട്ടുള്ളത്.

<u>ശ്രീ. വി. എസ്. ശിവകുമാർ</u>: സർ, ബഹുമാനപ്പെട്ട രാജേഷ് പറഞ്ഞ

കാര്യങ്ങളോട് ഞാൻ യോജിക്കുകയാണ്. 2011-ൽ എഫ്.എസ്.എസ്.എ.ഐ. ആക്ട് കേരളത്തിൽ നടപ്പിലാക്കി തുടങ്ങി. ഏറ്റവും ഗുരുതരമായ ഒരു കാര്യം, ആ ആക്ട് വച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ വളരെ കാര്യക്ഷമമായി സംസ്ഥാനത്ത് ഏറ്റെടുത്താൽ മാത്രമേ ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയു എന്ന് അദ്ദേഹം ചൂണ്ടിക്കാണിച്ചു. പച്ചക്കറികളിലുള്ള വിഷാംശങ്ങൾ കണ്ടെത്തുന്നതിന് സംസ്ഥാനത്ത് പ്രധാനമായും കാർഷിക കോളേജിലുള്ള ഒരു സംവിധാനം മാത്രമേയുള്ളു. പക്ഷെ രണ്ട് എക്യുപ്മെന്റുകൾ നമ്മൾ വാങ്ങി. അത് ഇതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? കാരണം പച്ചക്കറികൾ പിടിച്ചെടുത്താൽ റിസർട്ട് വരുന്നതിന് ഒരാഴ്ച കഴിയും. അതിനുള്ളിൽ ആളുകൾ അത് ഭക്ഷിച്ച് കഴിഞ്ഞിരിക്കും. അതുകൊണ്ട് രജിസ്ട്രേഷൻ ഏർപ്പെടുത്തി അത് കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് ഗവൺമെന്റിന്റെ ഭാഗത്ത് നിന്ന് ശ്രദ്ധയുണ്ടാകണം. അതോറിറ്റി രൂപീകരിക്കുന്നതിനോടൊപ്പം എഫ്.എസ്.എസ്.എ.ഐ. ആക്ട് ഫലപ്രദമായി നടപ്പിലാക്കാൻ ശ്രമിച്ചാൽ ഈ പ്രശ്നങ്ങൾ മുഴുവൻ പരിഹരിക്കാൻ കഴിയും. ശ്രീ. രാജേഷ് പറഞ്ഞത് ശരിയാണ് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഫുഡ് സേഫ്റ്റി ഉദ്യോഗസ്ഥന്മാരെ തമിഴ്നാട്ടിലേയ്ക്ക് അയച്ചു. അവിടെ

ഗോഡൗണിലുള്ള പച്ചക്കറികൾ വളരെ ഭയാനകമായ സ്ഥിതിയിലാണുള്ളത്.

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്.....ഒരു ബില്ലുകൂടിയുണ്ട്.

ശ്രീ. ടി. വി. രാജേഷ്: സർ, ഞാൻ ഒരു പോയിന്റു കൂടി പറഞ്ഞ് നിർത്തുകയാണ്. ഞാൻ ഇത് ഉന്നയിക്കാൻ കാരണം. സൗത്ത് ആഫ്രിക്കയിൽ ഞങ്ങൾ വേൾഡ് യൂത്ത് ഫെസ്റ്റിന്റെ ഭാഗമായി പോയിരുന്നു. നമുക്ക് അവിടെ വിശ്വസിച്ച് പഴം കഴിക്കാം. നമ്മുടെ രാജ്യത്തിന്റെ അവസ്ഥയെന്താണ്? നമ്മുടെ രാജ്യത്ത് ഫുഡ് സേഫ്റ്റി ആക്ട് വന്നപ്പോൾ ആ നിയമം വളരെ ലിബറലായിട്ടാണ് നടപ്പാക്കിയത്. യഥാർത്ഥത്തിൽ ഈ നിയമം കച്ചവടക്കാരെ സംരക്ഷിക്കുന്നതാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്. ശ്രീ. രാജേഷ് ഒരു ബില്ലുകൂടിയുണ്ട്.

ശ്രീ. ടി. വി. രാജേഷ്: സർ, നമ്മുടെ രാജ്യത്ത് ഇത്തരമൊരു കമ്പനിയെ ബ്ലാക്ക് ലിസ്റ്റിൽ പെടുത്തിയാലും മറ്റൊരു പേരിൽ പ്രവർത്തിക്കാൻ അവർക്ക് കഴിയും. കേരളത്തിൽ പ്രവർത്തിക്കുന്ന മൂന്ന് ലാബുകൾക്കും, തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവയ്ക്ക് അക്രഡിറ്റേഷനില്ല. ഇവിടെ നടത്തിയ പരിശോധനാഫലങ്ങൾ അംഗീകൃതമല്ലെന്ന് 2011-ലെ പെപ്സി കേസ്സിൽ സുപ്രീംകോടതി വിധിച്ചിട്ടുണ്ട്. ഇതിന് ജസ്റ്റിസ് കമാൽപാഷ ഹൈക്കോടതി

വിധിയിലൂടെ സാധൂകരിച്ചു. ഇത്തരം കേസ്സുകളെല്ലാം വെറുതെ വിടുകയാണ്. ഇയൊരു സാഹചര്യത്തിൽ നമുക്ക് നിലവിലുള്ള ലാബുകൾ ഫലപ്രദമായി പ്രവർത്തിക്കണം. ഇതിന് ശക്തമായ ഒരു അതോറിറ്റിയുണ്ടെന്ന് ഉറപ്പുവരുത്തണം.

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങ് ചർച്ച തുടരുന്നുണ്ടോ?

ശ്രീ. റ്റി. വി. രാജേഷ്: സർ, ഞാൻ ചർച്ച തുടരുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്രസ്തുത ബില്ലിന്മേലുള്ള ചർച്ച തുടരാവുന്നതാണ്.

(ചർച്ച തുടരും)

## (iii) 2016-ലെ അന്യസംസ്ഥാന തൊഴിലാളി രജിസ്ട്രേഷൻ അതോറിറ്റി രൂപീകരണ ബിൽ

മി. ഡെപ്യൂട്ടി സ്പീക്കർ: പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അങ്ങേയ്ക്ക് 2016-ലെ അന്യസംസ്ഥാന തൊഴിലാളി രജിസ്ട്രേഷൻ അതോറിറ്റി രൂപീകരണ ബിൽ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

ശ്രീ. കെ. മുരളീധരൻ: സർ, കഴിഞ്ഞയാഴ്ച ഞാൻ എഴുതിത്തന്നിരുന്നു. ഈ ബില്ലിന്റെ പേരിൽ സൂചിപ്പിച്ചിരിക്കുന്ന 'അന്യ സംസ്ഥാന തൊഴിലാളി' എന്നതിനുപകരം 'ഇതര സംസ്ഥാന തൊഴിലാളി' എന്ന് പറയണമെന്ന്...........

(മൈക്ക് ഓഫ്)...........

മി. ഡെപ്യൂട്ടി സ്പീക്കർ: അതെ.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, 2016-ലെ ഇതരസംസ്ഥാന തൊഴിലാളി രജിസ്ട്രേഷൻ അതോറിറ്റി രൂപീകരണ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

2016-ലെ അന്യസംസ്ഥാന തൊഴിലാളി രജിസ്ട്രേഷൻ അതോറിറ്റി

രൂപീകരണ ബിൽ

തൊഴിലും എക്സൈസും വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഇതരസംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണം, രജിസ്ട്രേഷൻ, ആരോഗ്യ പരിപാലനം എന്നിവ ഉറപ്പാക്കുന്നതിനായി തൊഴിൽ വകുപ്പിന്റെ നേതൃത്വത്തിൽ ഒരു സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിഗണനയിലാണ്. പദ്ധതിയുടെ പ്രാരംഭ നടപടികളുമായി ബന്ധപ്പെട്ട് ഐ.ടി. മിഷൻ, ചിയാക്, അക്ഷയ, യു.ഐ.ഡി. എന്നീ സർക്കാർ

ഏജൻസികളുമായും ആരോഗ്യം, ആഭ്യന്തരം, റവന്യൂ, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളുമായും ബന്ധപ്പെട്ട് അവലോകന യോഗങ്ങൾ ഇതിനകം നടന്നുകഴിഞ്ഞു. പദ്ധതി പ്രാബല്യത്തിൽ വരുന്നതോടുകൂടി ഇൻഷ്വറൻസ് പദ്ധതി മുഖേന ഇതരസംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ സുരക്ഷിതത്വം ഉറപ്പുവരുത്താനും അതോടൊപ്പം വിവരശേഖരണം നടത്തി തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യാനും കഴിയും. ഇതരസംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണം, രജിസ്ട്രേഷൻ, ആരോഗ്യപരിപാലനം എന്നിവ ഉറപ്പാക്കുന്നതിനുള്ള പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്ന സാഹചര്യത്തിൽ ബഹുമാനപ്പെട്ട മെമ്പറുടെ ഇതരസംസ്ഥാന തൊഴിലാളി രജിസ്ട്രേഷൻ അതോറിറ്റി രൂപീകരണ ബില്ലിന് പ്രസക്തിയില്ല. അതുകൊണ്ട് ഈ ബില്ല് നിരാകരിക്കുകയാണ്.

ശ്രീ. ഇ. കെ. വിജയൻ: സർ, പോയിന്റ് ഓഫ് ഓർഡർ. ഇവിടെ അന്യസംസ്ഥാന തൊഴിലാളി രജിസ്ട്രേഷൻ അതോറിറ്റി രൂപീകരണ ബിൽ എന്ന് പറഞ്ഞുകൊണ്ടാണ് അവതരിപ്പിച്ചത്. അതിൽ ഇതരസംസ്ഥാന തൊഴിലാളികൾ എന്നൊരു ഭേദഗതി വരേണ്ടതാണ്. അത് മാറ്റുന്നതിനു വേണ്ടി സഭയുടെ അംഗീകാരം വാങ്ങേണ്ടതാണ്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ഭേദഗതി വരുത്തിയിട്ടില്ല. അത് പ്രസംഗത്തിൽ പറഞ്ഞുവെന്നേയുള്ളൂ.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, ഗൾഫ് രാജ്യങ്ങളിൽ ലക്ഷക്കണക്കിന് മലയാളികളുണ്ട്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള മലയാളികളിൽ നിന്നാണ് കേരളത്തിന്റെ സാമ്പത്തിക ഭദ്രത സുരക്ഷിതമാക്കുന്നത്. ആ മലയാളികളെ മുഴുവൻ സംരക്ഷിക്കുന്നതിനുള്ള ബാധ്യത വിവിധ രാജ്യങ്ങളിലെ ആളുകൾ നോക്കി നടത്തുകയും, അതുപോലെ ഇവിടെ വന്ന് ജോലി ചെയ്യുന്ന ഇതരസംസ്ഥാന തൊഴിലാളികളെ സംരക്ഷിക്കുന്ന ഒരു ബാധ്യത കേരളത്തിലെ സമൂഹത്തിനുണ്ട് എന്നും അവർ ഇവിടെ നേരിടുന്ന ഒരുപാട് പ്രയാസങ്ങളേയും പ്രശ്നങ്ങളേയും പരിഹരിക്കാനും അവർ എത്രമാത്രം ഇവിടെയുണ്ട് എന്ന് അറിയുന്നതിനും കൂടി ഒരു അതോറിറ്റി ഉണ്ടാക്കണമെന്ന ആവശ്യമാണ് ഈ ബില്ലിലൂടെ ഞാൻ ആവശ്യപ്പെടുന്നത്. ഒരുപാട് കാര്യങ്ങൾ ഇതുമായി ബന്ധപ്പെട്ട് പറയാനുണ്ട്. എന്റെ പ്രിയപ്പെട്ട സഹപ്രവർത്തകനായ ശ്രീ. പുരുഷൻ കടലുണ്ടിക്ക് കൂടി ഒരു ബില്ല് അവതരിപ്പിക്കാനാവശ്യമായ സമയം കൊടുക്കണമെന്നുള്ളതുകൊണ്ട് ഇതിന്റെ ചർച്ച തുടരണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് അദ്ദേഹത്തിന് ഞാൻ സമയം

നൽകുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങ് ചർച്ച തുടരുന്നുണ്ടോ?

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ ചർച്ച തുടരുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്രസ്തുത ബില്ലിന്മേലുള്ള ചർച്ച തുടരാവുന്നതാണ്.

(ചർച്ച തുടരും)

മി. ഡെപ്യൂട്ടി സ്പീക്കർ: ഓർഡർ..... ഓർഡർ, സഭ ഇപ്പോൾ പിരിയുന്നതും തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2016 നവംബർ മാസം 7-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ ഉച്ചയ്ക്ക്ശേഷം 12.30-ന് പിരിഞ്ഞു.)

********